പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 247 15/02/2013 - ൽ മറുപടിയ്ക്ക്

കഴിവുകൾ വികസിപ്പിക്കുന്നതിന് പരിശീലനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. സി. മോയിൻ കുട്ടി<br>ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സെക്കന്ററി സ്കൂൾ തലത്തിൽ വിദ്യാർത്ഥികളുടെ ക്രിയേറ്റീവായിട്ടുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനും വിവിധ ഉപകരണങ്ങളും അസംസ്കൃത പദാർത്ഥങ്ങളും ഉപയോഗിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കാനുമുള്ള പരിശീലനം നൽകുന്നതിനുമായി എന്തൊക്കെ പരിപാടികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ; | (എ) സെക്കന്ററി സ്കൂൾ തലത്തിൽ വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുവാനായി സോഷ്യലി യൂസ്ഫുൾ പ്രൊഡക്ടീവ് വർക്ക് (SUPW) എന്ന സ്കീം നടപ്പാക്കിവരുന്നു. കയർ കൊണ്ടുള്ള ചവിട്ട് മെത്തകൾ, കുട, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫയൽ ബോർഡ് ആന്റ് പേപ്പർ ക്യാരീബാഗ്,വിവിധതരം നൂൽ ഉപയോഗിച്ച് പാറ്റേൺ തയ്യാറാക്കൽ, വർണ്ണക്കടലാസ് കൊണ്ടുള്ള ഉല്പന്നങ്ങൾ, എഴുതുന്നതിനുള്ള ചോക്ക് നിർമ്മാണം, സ്റ്റഫ് ചെയ്ത കളിപ്പാട്ടങ്ങൾ, മുത്തുകൾ |

| | | | |
|---|---|---|---|
| | | | കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, തുണിയിൽ ചിത്രം വരയ്ക്കൽ, വെജിറ്റബിൾ പ്രിന്റിംഗ്, പാവ നിർമ്മാണം, ലോഹത്തകിടിൽ കൊത്തുപണി, ചിരട്ടകൊണ്ടുള്ള ഉൽപ്പന്നങ്ങൾ, പാവകളിക്കുള്ള പാവകളുടെ നിർമ്മാണം, റക്സിൻ, കാൻവാസ്, ലെതർ എന്നിവ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ, ബുക്ക് ബൈന്റിംഗ്, പ്രകൃതിദത്ത നാരുകൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (ചകിരിനാര് ഒഴിച്ച്), ബാഡ്മിന്റൺ നെറ്റ്/ വോളിബോൾ നെറ്റ്, ചന്ദനത്തിരി എന്നിവയുടെ നിർമ്മാണത്തിൽ പരിശീലനം നല്കി വരുന്നു. |
| (ബി) | ഇതിനായി സ്കൂളുകളിൽ നിർമ്മാണശാലകൾ തുടങ്ങാൻ ഉദ്ദേശ്യമുണ്ടോ; | (ബി) | നിലവിൽ 90 സ്കൂളുകളിൽ നിർമ്മാണശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം കൂടുതൽ നിർമ്മാണശാലകൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | കൃഷിയിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; | (സി) | കൃഷിയിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നിലവിലില്ല. എന്നാൽ ചില സ്കൂളുകളിൽ കൃഷിയിലും പരിശീലനം നല്കിവരുന്ന |

തായി അറിയുന്നു.

(ഡി) കുട്ടികളുണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാനും അതിന്റെ വിഹിതം അവർക്കു നൽകാനും ആവശ്യമായ മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ഡി) കുട്ടികളുണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ മേളകൾ സംഘടിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കുട്ടികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ അതാത് സ്കൂളുകളിൽ തന്നെ വില്പന നടത്തി അതിൽ നിന്നും ലഭിക്കുന്ന ലാഭത്തിന്റെ വിഹിതം കുട്ടികൾക്ക് തന്നെ നല്കിവരുന്നു.

Sreedevi
സെക്ഷൻ ഓഫീസർ

R